# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3806**

**2014 ജൂൺ 24-ാം തീയതി മറുപടി നല്കേണ്ടത്**

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

**ചോദ്യം**
**ശ്രീ. എം. ഹംസ**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**ധനകാര്യവും**
**നിയമവും ഭവന**
**നിർമ്മാണവും വകുപ്പു**
**മന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| എ)സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി കരാറുകാർക്ക് ബില്ലുകൾ പാസ്സാക്കി നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ വല്ലതും ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുണ്ടോ; | എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ബില്ലുകൾക്കുള്ള ലറ്റർ ഓഫ് ക്രഡിറ്റ് സംസ്ഥാനതല മുൻഗണനാപ്രകാരമാണ് നൽകുന്നത്. ബഹു. കേരള ഹൈക്കോടതിയുടെ 11.04.2001-ലെയും 18.10.2002-ലെയും, സിസിസി 803/2000 ഉം അനുബന്ധ കേസുകളിലെയും ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി മാനദണ്ഡം സ്വീകരിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം പൊതുമരാമത്ത് ദേശീയപാത വിഭാഗം, നബാർഡ് സഹായമുള്ള പ്രവൃത്തികൾ, കേന്ദ്ര സഹായമുള്ള പ്രവൃത്തികൾ, വിദേശ സഹായമുള്ള പ്രവൃത്തികൾ എന്നിവയെ മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ബിൽ കുടിശ്ശിക സർക്കാരിന്റെ ധനലഭ്യതയ്ക്ക് അനുസൃതമായി കൊടുത്തു തീർക്കുന്നുണ്ട്. |

| | |
|---|---|
| ബി) ബില്ലുകൾ നൽകുന്നതിൽ വകുപ്പിന്റെ ഭാഗത്ത് കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത് പാലം) വകുപ്പിൽ 01.09.2013 മുതൽ 31.03.2014 വരെ 1081.00 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 300.70 കോടി രൂപയും ജലവിഭവ വകുപ്പിൽ 44.29 കോടി രൂപയും ഉൾപ്പെടെ 1425.99 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. |
| സി). കോൺട്രാക്ടർമാർക്ക് ബിൽ തുക സമയബന്ധിതമായി നൽകാത്തത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | ഇത് സർക്കാരിന്റെ മൊത്തത്തിലുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ